(ബി) ഉണ്ടെങ്കിൽ വേണ്ട നടപടികളാൽ അവയെ തടുക്കുവാൻ ദയവുണ്ടാകുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ :

(എ) തിരുവിതാംകൂറുകാരായ ചില അധഃകൃത കുട്ടികൾ വെളിയനാട്ടു ലോവർ സെക്കണ്ടറി സ്കൂളിൽ ചേർന്നു വിദ്യാഭ്യാസസൌജന്യങ്ങൾ അനുഭവിച്ചുപോന്നതായി അറിവു കിട്ടിയിട്ടുണ്ട്.

(ബി) തടയുവാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

DEPRESSED CLASSES—APPLICATIONS FOR STARTING COLONIES AND INDUSTRIAL AID

285. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ —

(എ) പുതിയതായി അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നു കോളനികൾ സ്ഥാപിക്കുവാനും വ്യവസായങ്ങൾ നടത്തുവാനും അധഃകൃതരിൽനിന്നും എത്ര അപേക്ഷകൾ ഓരോന്നിലും കിട്ടീട്ടുണ്ടു;

(ബി) ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെണ്ടു എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളതു ?

ഡാക്ടർ ഏ. ആർ. മേനോൻ :

(എ) കോളനി സ്ഥാപിക്കുവാൻ ഫണ്ട്; വ്യവസായത്തിനു നോ ഹർജികൾ.

(ബി) ഇതിനെപ്പറ്റി അന്വേഷണം നടത്തി അധഃകൃതർക്കു് ആവശ്യവും വേണ്ടതുമായ കാര്യങ്ങൾ ചെയ്തുകൊടുത്തുവരുന്നുണ്ടു്.

DEPRESSED CLASSES COLONIES—ENTRUSTMENT OF THATCHING WORK ON TENDER

286. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫാമുകൾ-ൽ കോളനിയിലുള്ള പുരകൾ കെട്ടിമേച്ചിലിനു ടെണ്ടർ കൊടുക്കുന്നതുകൊണ്ടു സംരക്ഷണവകുപ്പിലേക്കു മുൻകൊല്ലങ്ങളെ അപേക്ഷിച്ചു വല്ല മിച്ചവും ഉണ്ടായിട്ടുണ്ടോ;

(ബി) കെട്ടിമേച്ചിലുകളെല്ലാം ഭംഗിയായി പൂർവ്വസ്ഥിതിയിലാക്കിയതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ;

(സി) വല്ല ആക്ഷേപങ്ങളും കെട്ടിമേച്ചിലിനെപ്പറ്റി അധികൃതസ്ഥാനങ്ങളിൽ എത്തുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു സമാധാനമാണു് ചെയ്തിട്ടുള്ളതു് ?

ഡാക്ടർ ഏ. ആർ. മേനോൻ :

(എ) ടെണ്ടർ കിഴിവുമൂലം മിച്ചം ഉണ്ടായിട്ടുണ്ടു്.

(ബി) ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഡി) ആക്ഷേപങ്ങളെ അനേപക്ഷിച്ചു ആയതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. താണതരം സാധനങ്ങൾ മടക്കി നല്ലതരം സാധനങ്ങൾ കൊടുപ്പിക്കുകയാണു് ഉണ്ടായത്.

DEPRESSED CLASSES PUPILS IN TRICHUR G. T. SCHOOL—STIPENDS FOR

287. മിസ്റ്റർ പി. കെ കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നും സദയം മറുപടി പറയുമൊ.—

(എ) തൃശ്ശിവപേരൂർ ജി. ടി. സ്കൂളിൽ പഠിക്കുന്ന എത്ര അധഃകൃത കുട്ടികൾക്കാണു് ഇക. വീതം സ്റ്റൈപ്പൻറ് കൊടുക്കുന്നതു്;

(ബി) എറണാകുളം ജി. ടി. സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കു ഇ ക. വീതം കൊടുക്കാതിരിക്കേണ്ടതിലേക്കു വല്ല പ്രത്യേക കാരണവുമുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) 9 ഇ.

(ബി) തൃശ്ശിവപേരൂർ ജി. ടി. സ്കൂളിൽ ഉള്ളതുപോലെ വിവിധതരത്തിലുള്ള മേത്തരം ഇൻഡസ്ട്രിയൽ വിഷയങ്ങൾ എറണാകുളം ജി. ടി. സ്കൂളിൽ ഇല്ലാത്തതുകൊണ്ടും അഥവാ അവിടെയുള്ള ഈവക ചില വിഷയങ്ങൾ പഠിക്കുവാൻ അന്യ ദിക്കുകളിൽ നിന്നുംവരുന്ന അധഃകൃത കുട്ടികൾ ഉണ്ടെങ്കിൽതന്നെ അവർക്കു ഇ ക. വീതമുള്ള സ്റ്റൈപ്പെണ്ടു് കൊടുക്കുവാൻ സ്റ്റൈപ്പണ്ടു നിയമം അനുവദിക്കാത്തതുകൊണ്ടും കൊടുക്കുന്നില്ല.

DAMBAR DEPRESSED CLASSES COLONY

288. Mr. K. R. Viswambharan *(Ezhuvas-Talappalli):* Will Government be pleased to state.—

(*a*) the number of families living in the Dambar Depressed Classes Colony (Chittur);

(*b*) whether any construction of latrine has been sanctioned for them in 1116;

(*c*) if so, the estimate of cost thereof;

(*d*) whether the Dambar families have agreed to pay for the scavenging service; if not, who will meet the expenditure;

(*e*) why an attempt was not made to construct bore-hole latrine at a small cost?

Dr. A. R. Menon *(Minister for Rural Development):*

(*a*) 9.

(*b*) Yes.

LIBRARY ARCHIVES Kerala Legislative Assembly